(ബി) കുരിയാർകുറ്റി-കാരാപ്പാറ കേസ് ഫർതർ ഇൻവെസ്റ്റിഗേഷൻ നടത്തിയ ഡി. വൈ. എസ്. പി. ആരാണ് ;

(സി) ഫർതർ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് പ്രസ്തുത ഉദ്യോഗസ്ഥൻ എത്ര മാസം സമയമെടുത്തു ;

(ഡി) ഇതുസംബന്ധിച്ച റിപ്പോർട്ട് വിജിലൻസ് എസ്. പി.-ക്ക് സമർപ്പിച്ചിരുന്നുവോ ; എസ്. പി. അത് വിജിലൻസ് ഡയറക്ടറേറ്റിലേക്ക് അയച്ചിട്ടുണ്ടോ ;

(ഇ) ഡിവൈ. എസ്. പി.-യുടെ അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) കുരിയാർകുറ്റി-കാരാപ്പാറ വിജിലൻസ് കേസിന്റെ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചുവെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം ഈ കേസിൽ ഫർതർ ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ട് ഡയറക്ടറേറ്റിൽ സൂക്ഷ്മപരിശോധനയിലാണ്.

പാമോയിൽ ഇറക്കുമതിയിൽ നടന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ചാർജ് ഷീറ്റ് ചെയ്ത് ഫയലിൽ സ്വീകരിച്ചുവെങ്കിലും പ്രതികളിൽ ഒരാളായ മുൻ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത പ്രത്യേക ലീവ് പെറ്റീഷൻ വിധിപ്രകാരം കേസിന്റെ തുടർനടപടികൾ നിർത്തിവച്ചു. സർക്കാർ ഈ കേസ് ഇപ്പോൾ പുനഃപരിശോധിക്കുകയും പ്രോസിക്യൂഷൻ നടപടികൾ പിൻവലിക്കുന്നതിന് കോടതിയുടെ അനുമതി തേടാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി, സി) ഫർതർ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സൂക്ഷ്മപരിശോധനയിലായതിനാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ഡി) റിപ്പോർട്ട് മദ്ധ്യമേഖല പോലീസ് സൂപ്രണ്ട് മുഖേനയാണ് വിജിലൻസ് ഡയറക്ടർക്ക് സമർപ്പിച്ചത്.

(ഇ) റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

ശ്രീമതി ആർ. മഹേശ്വരിഅമ്മയുടെ ജനനത്തീയതി തിരുത്തിയെന്ന പരാതി

57 [831] ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരവാരം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ഇന്റേണൽ ആഡിറ്റർ ശ്രീമതി ആർ. മഹേശ്വരിഅമ്മയുടെ സർവ്വീസ് ബുക്കിൽ ജനനത്തീയതി തിരുത്തിയെന്ന പരാതിയിൻമേൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് ശ്രീമതി മഹേശ്വരിഅമ്മ സമർപ്പിച്ച പരാതി ആവശ്യമായ നടപടികൾക്കായി സഹകരണ സംഘം രജിസ്ട്രാർക്ക് അയച്ചുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ശ്രീമതി ആർ. മഹേശ്വരിഅമ്മയുടെ സേവനപുസ്തകത്തിൽ ജനനത്തീയതി തിരുത്തിയ നടപടി ക്രമവിരുദ്ധമാണെന്നും രേഖകളിൽ കൃത്രിമം കാണിച്ചതിന് ഉത്തരവാദിയായവർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിനും എസ്. എസ്. എൽ. സി. ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ജനനത്തീയതിയെ അടിസ്ഥാനമാക്കി സേവനപുസ്തകത്തിലെ രേഖപ്പെടുത്തൽ ശരിയാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

തടവുകാർക്ക് പരോൾ അനുവദിക്കുന്ന വ്യവസ്ഥകൾ

58 [832] ശ്രീ. എം. വി. ജയരാജൻ :

,, വി. ചെന്താമരാക്ഷൻ :

,, പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജയിലുകളിലെ തടവുകാർക്ക് പരോൾ അനുവദിക്കുന്ന വ്യവസ്ഥകൾ ഉദാരമാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(ഡി) ഇതനുസരിച്ച് ബന്ധപ്പെട്ട ജയിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വിജ്ഞാപനത്തിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി, ഡി) ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly